LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്.

(ബി) ഈ വിഷയത്തിൽ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേഖലയിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടോ അല്ലാതെയോ ഏതെങ്കിലും സമിതികളെ നിയോഗിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സിലബസ് പരിഷ്കരണം നടത്തുന്നതിന് പോളിടെക്ക്നിക്ക് കോളേജ്, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി. കെട്ടിടനിർമ്മാണം

170 (1155) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആയത് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധമായ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (LBSIIST) എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ 130.14 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കാൻ 2400/2013/ഉ.വി.വ, 06-12-2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളെ ശാക്തീകരിക്കാനുള്ള ഉദ്യമം ലക്ഷ്യമിട്ടാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത്. ഈ പദ്ധതിക്കായി 31.64 ഏക്കർ ഭൂമി കണ്ടെത്തിയിരുന്നു. ആയതിൽ 15.25 ഏക്കർ ഭൂമിക്ക് സർവ്വേയും അനുബന്ധ നടപടികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 20 കോടി രൂപ ഇതിനായി ചെലവ് കണക്കാക്കിയിട്ടുണ്ട്. വസ്തുവിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനും, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 3 കോടി രൂപയും ആവശ്യമായിട്ടുണ്ട്. LBSIIST-യ്ക്ക് വേണ്ടി ഇതിനോടകം ഒരു കോടി രൂപ 26-3-2014-ലെ സ.ഉ.(സാധാ) നമ്പർ668/2014/ഉ.വി.വ. പ്രകാരം പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2014-ൽ അനുവദിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) നിലവിൽ LBSIIST-യുടെ ഭാഗമായ മോഡൽ ഡിഗ്രി കോളേജ് (അപ്ലൈഡ് സയൻസ്), എൽ.ബി.എസ് സബ് സെന്റർ, LBSIIST Camp Office എന്നിവ 2016 മുതൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 15.25 ഏക്കർ ഭൂമി ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് 2018 മേയ് മാസത്തോടെ അളന്ന് സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കുറവായതിനാൽ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിക്കുവേണ്ടി ഉടൻ 23 കോടി രൂപ അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്.

സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സ് ഫീസ്

171 (1156) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ (ടെക്നിക്കൽ) പ്രൊഫഷണൽ കോഴ്സുകളുടെ 2021-22 വർഷത്തെ ഫീസ് പുതുക്കി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിഗണനയിലില്ല

(ബി) 2021-22 വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കിയ ലൈബ്രറി ഫീസ്, ഇന്റർനെറ്റ് ഫീസ് മുതലായവ ഒഴിവാക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്